# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 207 23-03-2012-ൽ മറുപടിക്ക്**

## വ്യവസായ വകുപ്പിന്റെ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി

### ചോദ്യം

ശ്രീ. ഇ.കെ. വിജയൻ
ശ്രീ. സി. ദിവാകരൻ
ശ്രീ. പി. തിലോത്തമൻ
ശ്രീമതി. ഗീതാഗോപി

(എ) വ്യവസായ വകുപ്പിന്റെയും മറ്റു പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെയും കൈവശ ഭൂമിയിൽ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി നിയമിച്ച കമ്മിറ്റിയുടെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഭൂമിയുടെ വൈവിധ്യവൽക്കരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ?

### മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി)

(എ) വ്യവസായ വാണിജ്യ ഡയറക്ടർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. എന്നാൽ ഇതിനായി കമ്മിറ്റിയെ നിയമിച്ചിട്ടില്ല.

(ബി) തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ വികസന ഏരിയ/ പ്ളോട്ടുകൾ എന്നിവിടങ്ങളിൽ ഉപയോഗിക്കാതെകിടന്ന സ്ഥലങ്ങളിൽ കേസ്സിൽ ഉൾപ്പെട്ടതോ കോടതി സ്റ്റേമൂലം തർക്കത്തിലുള്ളതോ ആയ സ്ഥലങ്ങളൊഴികെയുള്ളവ തിരിച്ചെടുക്കൽ / അംഗീകൃത കൈമാറ്റം എന്നിവ വഴി പുതിയ സംരംഭകർക്ക്അനുവദിച്ചു നല്കിയിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ വ്യവസായ വികസന ഏരിയ/ പ്ളോട്ടുകൾ എന്നിവ ഘട്ടം ഘട്ടമായി ആധുനികവല്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നതോടൊപ്പം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലെ യഥാക്രമം വേളി, മൺവിള, മുണ്ടയ്ക്കൽ, കുന്നന്താനം, അരൂർ, മാവേലിക്കര, പൂവൻതുരുത്ത്, എടയാർ, അങ്കമാലി, കളമശ്ശേരി, ആലുവ, വാഴക്കുളം, അത്താണി, അയ്യൻകുന്ന്, വേളാക്കോട്, കഞ്ചിക്കോട്, തുടങ്ങി വികസന പ്ളോട്ട്/ ഏരിയകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ

ഒറ്റത്തവണ അധിക കേന്ദ്രസഹായമായി ലഭിച്ച തുക ഉപയോഗിച്ച് എറണാകുളം ജില്ലയിലെ എടയാർ വ്യവസായ മേഖലയുടെ 90% പണി പൂർത്തിയാക്കിയിട്ടുണ്ട്. തൃശ്ശൂർ പുഴയ്ക്കൽ പാടത്തിന്റെ വികസനത്തിനായി 15 കോടി രൂപ കേന്ദ്രസഹായമായി അനുവദിച്ചിട്ടുള്ളതും ഇതിന്റെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. പാലക്കാട്, ഷൊർണ്ണൂർ,പുതുശ്ശേരി വ്യവസായ വികസന എസ്റ്റേറ്റിന്റെ വികസനത്തിനായി 15 കോടി രൂപയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. സിഡ്കോയുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും നവീകരണ പ്രവർത്തനങ്ങൾ നടത്തി വരികയാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ കൈവശ ഭൂമിയുടെ വൈവിധ്യവൽക്കരണം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| Details of unutilised land in PSUs under Industries Department (In Acres) | | | |
|---|---|---|---|
| 1 | KSDP | 0.73 | Administrative Block (Proposed) |
| 2 | Malabar Cements | 6.27 | ക്ലിങ്കർ പാക്കിങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് |
| 3 | Kannur Co-operative Spinning Mills Ltd. | 5.25 | കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിലെ ലോൺ സെറ്റിൽ ചെയ്യുന്നതിനുവേണ്ടി കൈമാറ്റംചെയ്യാൻ തീരുമാനിച്ചിരുന്നു. |
| 4 | Kerala Ceramics Ltd. | 6 | കിൻഫ്ര വ്യവസായ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |
| പൂട്ടിക്കിടക്കുന്ന യൂണിറ്റുകൾ | | | |
| 1 | Alstral Watches Ltd., Kasaragod | 1.99 | KSIDC യ്ക്ക് വ്യവസായ വികസനത്തിനായി വിട്ടുകൊടുത്തു. |
| 2 | Keltron Counters Ltd. Chavadimukku, Thiruvananthapuram. | 4.21 | Gulati Institute of Finance and Taxation (GIFT) -ന് കൈമാറ്റം ചെയ്തു നല്കിയിട്ടുണ്ട്. |
| 3 | KELTRON Power Devices Ltd., Shornur Road, Athani, Thrissur | 4.52 | ഒഫിഷ്യൽ ലിക്വിഡേറ്റർ 29-5-2006-ലെ കമ്പനിയുടെ ആസ്തികൾ ഏറ്റെടുത്തിട്ടുണ്ട്. |
| 4 | Kerala Garments Ltd. , Kannur. | 0.82 | ആസ്തിയും ബാദ്ധ്യതകളും ഹാൻവീവിനു കൈമാറിക്കൊടുത്തു. |
| 5 | KELTRON Rectifiers Ltd., Athani, Thrissur. | 8.28 | ഒഫിഷ്യൽ ലിക്വിഡേറ്റർ 15-12-2005- ൽ കമ്പനിയുടെ ആസ്തികൾ ഏറ്റെടുത്തിട്ടുണ്ട്. |
| 6 | Kerala Special Refractories Ltd. Kowdiar, Thiruvananthapuram. | 30 | ആസ്തിയും ബാദ്ധ്യതകളും CAPE, C-Dact എന്നിവർക്ക് കൈമാറിക്കൊടുത്തിട്ടുണ്ട്. |
| 7 | Kerala State Detergents and Chemicals, Malappuram. | 18.88 | കമ്പനിയുടെ ആസ്തി വ്യവസായ |

| | | | |
|---|---|---|---|
| | | | വികസനത്തിനായി KINFRA യ്ക്ക് കൈമാറിക്കൊടുത്തിട്ടുണ്ട്. |
| 8 | Mannam Sugar Mills, Pandalam. | 138 | മന്നം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇവിടെ ആയുർവേദ മെഡിക്കൽ കോളേജ് നടത്തിവരുന്നു. |
| 9 | The Co-operative Sugars Ltd., Chittoor, Palakkad. | 117 | കമ്പനിയുടെ ആസ്തിയും ബാദ്ധ്യതകളും ട്രാവൻകൂർ ഷുഗേസ് ആന്റ് കെമിക്കൽസിന് കൈമാറിയിട്ടുണ്ട്. |

**കമ്പനി രജിസ്റ്ററിൽ നിന്നും നീക്കം ചെയ്ത കമ്പനികളുടെ വിവരം**

| | | | |
|---|---|---|---|
| 1 | Kerala Sops and Oils, Kozhikode | 11.63 | 6.19 ഏക്കർ സ്ഥലം ടൂറിസം വകുപ്പിന് Institute of Hospitality Management സ്ഥാപിക്കുന്നതിനും 2.07 ഏക്കർ KSIE യ്ക്ക് സോപ്പ് യൂണിറ്റ് സ്ഥാപിക്കുന്നതിനും കൈമാറിയിട്ടുണ്ട്. |
| 2 | KSSCL, Kazhakkoottam, Thiruvananthapuram. | 25 | SIDCO യ്ക്ക് Telecome City സ്ഥാപിക്കുന്നതിനുവേണ്ടി കൈമാറിയിട്ടുണ്ട്. |
| 3 | Metropolitan Engineering Company, Thiruvananthapuram. | 1.26 | ആസ്തിയും ബാദ്ധ്യതകളും KSIE യ്ക്ക് കൈമാറിയിട്ടുണ്ട്. |
| 4 | Kerala Construction Components Ltd., Cherthala. | 16.2 | ആസ്തിയും ബാദ്ധ്യതകളും KSIDC യ്ക്ക് കൈമാറിയിട്ടുണ്ട്. |
| 5 | Scooters Kerala, Vadackal, Alappuzha. | 14.49 | കമ്പനിയുടെ ആസ്തി CAPE നും കൈമാറിയിട്ടുണ്ട്. |
| 6 | Travancore Plywood Industries Ltd., Punalur. | 63 | ആസ്തിയും ബാദ്ധ്യതകളും KINFRA യ്ക്ക് കൈമാറിയിട്ടുണ്ട്. |
| 7 | The Chalakkudi Refractories Ltd., Chalakkudi. | 3.66 (റവന്യൂ പുറമ്പോക്ക്) | ലിക്വിഡേഷന്റെ ഭാഗമായി കമ്പനിയുടെ ആസ്തിയും ബാദ്ധ്യതകളും Kerala Special Refractories Ltd.- ന് കൈമാറിയിട്ടുണ്ട്. |

S.O